# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733370


## വാർത്താക്കുറിപ്പ്

**2023 നവംബർ 18**

---

## സർവകലാശാലാ രജിസ്ട്രാർ നിയമനം; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലാ രജിസ്ട്രാറുടെ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു. നാലു വർഷത്തേക്കാണ് നിയമനം.

പ്രായം 2023 ജനുവരി ഒന്നിന് 45 മുതൽ 52 വരെ. സെക്കൻഡ് ക്ലാസിൽ കുറയാത്ത ബിരുദാനന്തര ബിരുദവും സർവകലാശാലയിലോ കോളജിലോ സ്ഥിരനിയമനത്തോടെ കുറഞ്ഞത് 10 വർഷത്തെ അധ്യാപന പരിചയവും അഞ്ചുവർഷത്തെ അഡ്മിനിസ്ട്രേറ്റീവ് പരിചയവും ഉള്ളവരെയാണ് പരിഗണിക്കുന്നത്. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ(www.mgu.ac.in) ലഭിക്കും.

അപേക്ഷകൾ ഡിസംബർ ഒന്നുവരെ ഓൺലൈനിൽ സമർപ്പിക്കാം. ഓൺലൈൻ അപേക്ഷയുടെ പ്രിന്റും അനുബന്ധ രേഖകളും ഡിസംബർ അഞ്ചിന് വൈകുന്നേരം അഞ്ചിനു മുൻപ് സർവകലാശാലയിൽ ലഭിക്കണം.

(പി.ആർ.ഒ/39/1370/2023)

## അപേക്ഷാ സമയപരിധി നീട്ടി

അഫിലിയേറ്റഡ് കോളജുകളിലെ ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി പരീക്ഷകൾക്ക് നവംബർ 23 വരെ അപേക്ഷ നൽകാം.

പിഴയോടു കൂടി നവംബർ 24നും സൂപ്പർ ഫൈനോടു കൂടി നവംബർ 25നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1371/2023)

## അഡീഷണൽ ഇലക്ടീവ്

അഡീഷണൽ ഇലക്ടീവ് പേപ്പറുകൾക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള 2022 അഡ്മിഷൻ വിദ്യാർഥികൾക്കും നവംബർ ഒൻപതിലെ വിജ്ഞാപന പ്രകാരം നവംബർ 21ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എ, ബി.കോം(പ്രൈവറ്റ് രജിസ്ട്രേഷൻ-2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷ എഴുതാവുന്നതാണെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ/39/1372/2023)

## പരീക്ഷാ ഫലം

കഴിഞ്ഞ വർഷം നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.കോം (സി.എസ്.എസ് - 2016-2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2012-2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ 2017-2018 അഡ്മിഷൻ വിദ്യാർഥികൾ നിശ്ചിത ഫീസ് അടച്ച് ഓൺലൈനിലും 2012-2016 അഡ്മിഷൻ വിദ്യാർഥികൾ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലും സമർപ്പിക്കണം. അവസാന തീയതി ഡിസംബർ രണ്ട്.

......................

ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആൻറ് ഇൻഫർമേഷൻ സയൻസ്(പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഡിസംബർ ഒന്നു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

.........................

ഒന്നും രണ്ടും സെമസ്റ്റർ എം.എ സോഷ്യോളജി - പ്രൈവറ്റ് രജിസ്ട്രേഷൻ (2021 അഡ്മിഷൻ റഗുലർ - ഓഗസ്റ്റ് 2022), (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി - ജൂലൈ 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഡിസംബർ രണ്ടു വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/1373/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**